പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 424

21.07.2015 ലെ മറുപടിയ്ക്ക്

## ജൈവവളങ്ങളുടെയും കീടനാശിനികളുടെയും വിപണനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാനപ്പെട്ട ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാന ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും പേരുകൾ ചുവടെ ചേർക്കുന്നു.

**ജൈവവളങ്ങൾ**

1. മണ്ണിര കമ്പോസ്റ്റ്
2. സിറ്റി കമ്പോസ്റ്റ്
3. ഫോസ്റ്റേറ്റ് റിച്ച് ഓർഗാനിക് മാനുവർ
4. ജൈവവളം (ഓർഗാനിക് മാനുവർ)

**ജൈവകീടനാശിനികൾ**

1. വെർട്ടിസീലിയം ലിക്കാനി
2. സ്യൂഡോമൊണാസ് ഫ്ലോറസൻസ്
3. ട്രൈക്കോഡെർമ്മ വിറിഡേ
4. ബ്യൂവേറിയ ബസിയാന
5. ബാസിലസ് തുറിഞ്ചിയൻസിസ്
6. മെറ്റാറൈസിയം അനിസോപ്ലിലെ
7. പേസിലോമൈസസ് സ്പീഷിസ്
8. അസാഡിറാക്ടിൻ

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ നിലവിൽ ജൈവവള ഉല്പന്നവിപണിയിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയ്ക്കായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

(സി) ജൈവവളങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ നോട്ടിഫൈഡ് ലാബുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ 6 റീജിയണൽ സെന്ററുകളിൽ നിലവിലുണ്ട്. ഇതിന്റെ സതേൺ റീജിയണൽ സെന്റർ, കർണാടക സംസ്ഥാനത്തെ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്നു.

ജൈവവളങ്ങളുടെ പരിശോധനയ്ക്കായുള്ള സൗകര്യം കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. ജൈവകീടനാശിനികളുടെ വിഭാഗത്തിൽപ്പെടുന്ന അസാഡിറാക്ടിൻ ഒഴികെയുള്ള കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF) - ൽ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. അസാഡിറാക്ടിൻ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് വരുന്നു. കേരളത്തിൽ കാർഷിക സർവ്വകലാശാലയിൽ ഇവ പരിശോധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**